**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4349** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മണ്ഡലതല അവലോകന യോഗങ്ങളും നടത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ സംരംഭകരാണ് വ്യവസായ വകുപ്പിൽ കീഴിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് വിശദമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കുകൾ പ്രകാരം 2022 എപ്രിൽ 1 മുതൽ 2023 മാർച്ച് 3 വരെ കേരളത്തിൽ ഇതുവരെ 134,729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 149,132 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമെന്ന സർക്കാർ നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ പ്രഖ്യാപിത ലക്ഷ്യവും കൈവരിച്ച നേട്ടവും എത്രയെന്ന് വിശദമാക്കാമോ; | (സി) | കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമെന്ന സർക്കാർ നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.<br><br>2022-23 സംരംഭക വർഷമായി കേരളാ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം |

| | | | |
|---|---|---|---|
| | | | വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള 'ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 2,20,285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>സംരംഭക വർഷത്തിന്റെ ഭാഗമായി 2023 മാർച്ച് 3 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ ഇതുവരെ 134,729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽപ്പെട്ട സംരംഭങ്ങളിൽ സർക്കാർ സഹായമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെയും ആയതിന്റെ ഔദ്യോഗിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം; | (ഡി) | 2006 ലെ എം.എസ്.എം.ഇ. ആക്റ്റ് പ്രകാരമുള്ള നിർവചനത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുക എന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് ഏറെ പ്രാധാന്യം. ഏപ്രിൽ 1, 2022 മുതൽ മാർച്ച് 31, 2023 വരെ സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങളാണ് ഒരു ലക്ഷം സംരംഭങ്ങളുടെ കണക്കിൽ ഉൾപ്പെടുത്തുന്നത്. സർക്കാരിന്റെ നേരിട്ടുള്ള സഹായം സ്വീകരിച്ചിട്ടില്ലെങ്കിലും സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ എല്ലാം തന്നെ വ്യവസായ വകുപ്പിന്റെ വിവിധ ഇടപെടലുകൾ മൂലം സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യവസായ സൗഹാർദ അന്തരീക്ഷത്തിന്റെ ഗുണഭോക്താക്കളാണ്. |
| (ഇ) | എങ്കിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 2022-23 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരും വിലാസവും രജിസ്റ്റർ നമ്പരും ലഭ്യമാക്കാമോ? | (ഇ) | ഏപ്രിൽ 1, 2022 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തയാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. അതാത് തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ